# ശൗചാലയത്തിൽ വെള്ളമില്ല, ബഹളം

പമ്പ: പമ്പയിൽ മൂന്ന് പുതിയ ശൗചാലയം കെട്ടിടങ്ങളിൽ ഒന്നിലെ 20 കക്കൂസുകൾ മാത്രമാണ് ഉപയോഗിക്കുന്നത്. ഇവിടെ വെള്ളം കുറവായതിനെ തുടർന്ന് ഭക്തർ ബഹളമുണ്ടാക്കി. പമ്പയിൽ നിന്ന് പൈപ്പ് ഉപയോഗിച്ച് ചെറിയ അളവിലാണ് വെള്ളം എത്തിക്കുന്നത്. കെട്ടിടങ്ങളുടെ താഴത്തെ നിലയിൽ പ്രളയത്തിന്റെ മണ്ണ് അടിഞ്ഞതിനാൽ ഉപയോഗിക്കാൻ കഴിയില്ല. 200 ടോയ്‌ലെറ്റുകൾ മണ്ഡലപൂജ തുടങ്ങുന്നതിനു മുൻപ് ഉപയോഗക്ഷമമാകുമെന്നാണ് അധികൃതർ അറിയിച്ചിരുന്നത്.

### ■ അന്നദാനം സന്നിധാനത്ത് മാത്രം

അന്നദാനത്തിന് സന്നിധാനത്ത് ഒരു കൗണ്ടർ മാത്രമാണ് പ്രവർത്തിക്കുന്നു. ഹോട്ടലുകൾ തുറന്നില്ല. പമ്പയിൽ ദേവസ്വം മെസ് മാത്രമാണുള്ളത്. ഇവിടെ പൊലീസിനും ജീവനക്കാർക്കും മാദ്ധ്യമങ്ങൾക്കുമായി നിയന്ത്രണം ഏർപ്പെടുത്തി. മണൽപ്പുറത്തെ ദേവസ്വം അന്നദാന കൗണ്ടറിന്റെ താഴത്തെ നില പ്രളയത്തിൽ തകർന്നു. ഇവിടെ അറ്റകുറ്റപ്പണികൾ നടന്നില്ല. പ്രധാന ഹോട്ടലും പ്രവർത്തിക്കുന്നില്ല.

### ■ താമസിക്കാൻ മുറികളില്ല

സന്നിധാനത്തും പമ്പയിലും ഭക്തർക്കു താമസിക്കാൻ മുറികളില്ല. സർക്കാർ ഗസ്റ്റ് ഹൗസുകൾ തീർത്ഥാടകർക്ക് നൽകരുതെന്ന് വകുപ്പ് മേധാവികൾ നിർദ്ദേശം നൽകി.

പ്രളയത്തിൽ തകരാർ സംഭവിച്ച മണൽപ്പുറത്തെ ക്ലോക്ക് റൂമിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നു. ഭക്തർക്ക് ലഗേജുകൾ സൂക്ഷിക്കാനുള്ള ലോക്കറുകളും വിശ്രമിക്കാനുള്ള മുറികളുമാണ് ഇവിടെയുള്ളത്.

### ■ കുളിക്കടവിൽ പൊലീസ് ഡ്രോൺ

പമ്പയിലെ കുളിക്കടവുകളിൽ പൊലീസിന്റെ നിരീക്ഷണ ഡ്രോൺ സ്ഥിരം സാന്നിദ്ധ്യമായി. വൃദ്ധരായ സ്ത്രീകളടക്കം ഭക്തർ കുളിക്കുന്നത് ഡ്രോണിന്റെ കാമറയിൽ പതിയുകയാണ്. മണൽപ്പുറത്ത് കുളിക്കു ശേഷം ഭക്തർ കൂടിയിരിക്കുന്നിടത്തും ഡ്രോണിന്റെ നിരീക്ഷണമുണ്ട്.



പമ്പയിലെ ടോയ്‌ലെറ്റ് കോംപ്ലക്സിൽ വെള്ളമില്ലാതെ ഭക്തർ ബക്കറ്റുമായി കാത്തു നിൽക്കുന്ന
ഫോട്ടോ: സന്തോഷ് നിലയ്ക്കൽ

## വൃശ്ചികപ്പുലരിയിലെ തീർത്ഥാടകരുടെ കുറവ് സൂചനയോ?

▶ അടൂർ പ്രദീപ്കുമാർ

ശബരിമല : സുപ്രീംകോടതിയുടെ യുവതീപ്രവേശനവിധി വരുത്തിവച്ച പ്രതിഷേധങ്ങളും പൊലീസിന്റെ നിയന്ത്രണങ്ങളും ശബരിമലയിൽ തീർത്ഥാടകരുടെ എണ്ണത്തിലും വരുമാനത്തിലും കനത്ത ഇടിവുണ്ടാക്കുന്നു.

കഴിഞ്ഞ വൃശ്ചികപ്പുലരിയിൽ ഒരുലക്ഷത്തിലധികം തീർത്ഥാടകർ എത്തിയെന്നാണ് കണക്ക്. ഇക്കുറി അത് പകുതിയായി കുറഞ്ഞു. പുലർച്ചെ നടതുറക്കുമ്പോൾ മിക്ക ദിവസങ്ങളിലും തീർത്ഥാടക നിര മരക്കൂട്ടം വരെ നീളാറുണ്ട്. ഇത്തവണ നടതുറന്ന ദിവസം തന്നെ ഭക്തരുടെ എണ്ണം കുറഞ്ഞത് വരും ദിവസങ്ങളിലും പ്രകടമാകുമെന്നാണ് കണക്കാക്കുന്നത്.

ശബരിമലയിലെ സംഘർഷാവസ്ഥ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടക സംഘങ്ങളെ അകറ്റുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക തീർത്ഥാടക സംഘങ്ങളാണ് ഇതിൽ പ്രധാനം. ഇവർ എത്തിയാലേ ശബരിമലയിലെ ഭണ്ഡാരത്തിൽ കാണിക്ക നിറയൂ. പൊലീസ് ഏർപ്പെടുത്തിയ കർശന നിയന്ത്രണങ്ങളാണ് ഇവരെ അകറ്റിനിർത്തുന്നത്.

പമ്പയിൽ ചെറുവാഹനങ്ങൾക്ക് പ്രവേശനം ഇല്ലാത്തതും നിലയ്ക്കലിൽ തീർത്ഥാടകരെ തടയുന്നതും രാത്രിയിൽ മലകയറാൻ കഴിയാത്തതും ദർശനത്തിന് ശേഷം സന്നിധാനത്ത് തങ്ങാൻ അനുവദിക്കാത്തതും കാരണങ്ങളാണ്. നിയന്ത്രണങ്ങൾ കാരണം യഥാസമയം ദർശനം നടത്തി മടങ്ങാൻ കഴിയുമോ എന്ന ആശങ്ക ട്രെയിനിൽ റിസർവ് ചെയ്ത് വന്നിരുന്നവരേയും മാറിനിൽക്കാൻ നിർബന്ധിതരാക്കുന്നു.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിൽ ദേവസ്വം ബോർഡ് കാട്ടിയ കുറ്റകരമായ അനാസ്ഥയും തീർത്ഥാടകരുടെ അതൃപ്തിക്കു കാരണമായി.

സന്നിധാനത്തെ കടമുറികളിൽ പകുതിയിലേറെയും ലേലം ചെയ്യാതെ കിടക്കുകയാണ്. നേരത്തെ ലേലം കൊണ്ടവർ പോലും പണം അടയ്ക്കാതെ പിൻമാറി. മൂന്ന് ദിവസങ്ങളായി ലേലത്തുക നിശ്ചിത ശതമാനം കുറച്ച് ഓപ്പൺ ലേലം നടത്തുന്നുണ്ടെങ്കിലും ഭൂരിപക്ഷം വ്യാപാരികളും സഹകരിക്കുന്നില്ല.



ശബരിമലയിലെ പൊലീസ് അതിക്രമത്തിലും കെ.പി.ശശികലയെ അറസ്റ്റ് ചെയ്തതിലും പ്രതിഷേധിച്ച് ശബരിമല കർമ്മസമിതി ഡി.ജി.പി ഓഫീസിലേക്ക് നാടത്തിയ പ്രതിഷേധ പ്രകടനം ഉദ്ഘാടനം ചെയ്യാനെത്തിയ ഒ.രാജഗോപാൽ എം.എൽ.എ. ബാരിക്കേഡിനിടയിലൂടെ പണിപ്പെട്ട് പുറത്തേക്കിറങ്ങുന്നു.
ഫോട്ടോ: മനു മംഗലശ്ശേരി

## ശശികല നാട്ടിലാകെ വിഷം ചീറ്റുന്നു: മന്ത്രി കടകംപള്ളി



തിരുവനന്തപുരം: ഹിന്ദു ഐക്യവേദി നേതാവ് കെ.പി.ശശികല നാട്ടിലാകെ നടന്ന് വർഗീയ വിഷം ചീറ്റുകയാണെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ചിലർക്ക് ഇത്തരം ആളുകളുടെ വിഷം ചീറ്റൽ ഇഷ്ടമാണ്. സ്ത്രീ എന്ന നിലയിൽ വായിൽ നിന്ന് വരാൻ പാടില്ലാത്തതാണ് അവർ പറയുന്നത്. അത് അവരുടെ സ്വാതന്ത്ര്യമാണ്. മതേതര ക്ഷേത്രമായി അറിയപ്പെടുന്ന ശബരിമലയിലും അവർ വിഷം വമിപ്പിക്കുകയാണ്. ബോധപൂർവം കലാപത്തിനു പദ്ധതിയിടുന്നതിനു വേണ്ടിയാണ് സ്ഥിരമായി ശശികല ശബരിമല സന്ദർശിക്കുന്നതെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഏതു വിശ്വാസത്തിന്റെ പേരിലാണ് ശശികല മാസത്തിൽ നാലു തവണ ശബരിമല സന്ദർശിക്കുന്നത്? ഗുരുസ്വാമിമാർ പോലും അങ്ങനെ ചെയ്യാറില്ല. ഉദ്യോഗസ്ഥർ മാത്രമാണ് ശബരിമലയിൽ നിരന്തരം പോകുന്നത്. ശബരിമലയിൽ ക്യാമ്പ് ചെയ്ത് അവിടം ചോരക്കളമാക്കാനുള്ള നിരന്തര പരിശ്രമമാണ് ബി.ജെ.പിയും സംഘപരിവാറും ചെയ്യുന്നത്.

രാഷ്ട്രീയ ലാഭത്തിനു വേണ്ടി ബി.ജെ.പിയും സംഘപരിവാർ സംഘടനകളും പതിനായിരക്കണക്കിനു ഭക്തരെയും ജനങ്ങളെയും വെള്ളംപോലും നിഷേധിച്ച് ബുദ്ധിമുട്ടിച്ചു. വൃശ്ചികം ഒന്നിന് ഹർത്താലിന് ആഹ്വാനം ചെയ്തതോടെ ഭക്തരോട് ഒരു താത്പര്യവും ഇല്ലെന്ന് തെളിയിച്ചു. സാധാരണ ശബരിമല സീസണിൽ ഹർത്താലുകളിൽ നിന്ന് ശബരിമല തീർത്ഥാടകരെയും പത്തനംതിട്ട ജില്ലയെയും ഒഴിവാക്കും. ഇവിടെ അതും ഉണ്ടായില്ല.

## ശശികല ശബരിമലയിലെത്തിയത് സംഘർഷമുണ്ടാക്കാൻ : ചെന്നിത്തല

കോഴിക്കോട്: ഹിന്ദുഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ കെ.പി.ശശികല ശബരിമലയിൽ തീർത്ഥാടനത്തിനായി പോയതാണെന്ന് കരുതുന്നില്ലെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. മനഃപൂർവം പ്രശ്നമുണ്ടാക്കാനാണ് അവരെത്തിയതെന്നും ഇക്കാര്യമുന്നയിച്ചു നടത്തിയ ഹർത്താൽ അനാവശ്യമാണെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പുലർച്ചെ ഹർത്താൽ പ്രഖ്യാപിച്ചതിലൂടെ പൊറുക്കാനാവാത്ത തെറ്റാണ് ബി.ജെ.പിയും ആർ.എസ്.എസും പൊതുജനങ്ങളോട് ചെയ്തത്.

ശബരിമലയിൽ പൊലീസ് രാജാണ് നടക്കുന്നത്. തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങളൊന്നും ഏർപ്പെടുത്താതെ പൊലീസ് നിയന്ത്രണം മാത്രമാണിപ്പോൾ തുടരുന്നതെന്നും ചെന്നിത്തല പറഞ്ഞു.

## ഭക്തർക്ക് എന്തെങ്കിലും സംഭവിച്ചാൽ പിണറായി പുറത്തിറങ്ങി നടക്കില്ല: കെ.മുരളീധരൻ

തിരുവനന്തപുരം: ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തർക്ക് എന്തെങ്കിലും സംഭവിച്ചാൽ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറങ്ങി നടക്കില്ലെന്ന് കെ.പി.സി.സി പ്രചാരണ സമിതി ചെയർമാൻ കെ. മുരളീധരൻ എം.എൽ.എ പറഞ്ഞു. ശബരിമലയിൽ ഭക്തർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാത്തതിൽ പ്രതിഷേധിച്ച് ദേവസ്വം ബോർഡ് ആസ്ഥാനത്തിന് മുന്നിൽ ഡി.സി.സി സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പിണറായിയുടെ ഭരണത്തിന് കീഴിൽ അയ്യപ്പന് പോലും കഷ്ടകാലമാണ്. ശബരിമലയിൽ അടിസ്ഥാനസൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. ഡി.ജി.പി ആർ.എസ്.എസിന് സല്യൂട്ട് അടിക്കുകയാണ്.

ശബരിമല വിഷയത്തിൽ സർക്കാർ ആർ.എസ്.എസിന് മുന്നിൽ മുട്ടുമടക്കിയെന്ന് യോഗം ഉദ്ഘാടനം ചെയ്ത കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

### ■ ദേവസ്വം സാവകാശ ഹർജി നാളെ

## സർക്കാരിന് 'കൊട്ട്' കിട്ടുന്നതൊന്നും ഹർജിയിൽ വരരുതെന്ന് നിർദ്ദേശം

▶ സ്വന്തം ലേഖകൻ

തിരുവനന്തപുരം: ശബരിമല യുവതീ പ്രവേശന വിധി നടപ്പാക്കുന്നതിൽ സാവകാശം തേടി ദേവസ്വം ബോർഡ് നാളെ സുപ്രീം കോടതിയിൽ ഹർജി നൽകും. സംസ്ഥാന സർക്കാരിനു നേരെ കോടതിയുടെ വിമർശനമുണ്ടാകാൻ പാടില്ലാത്ത വിധമാകണം ഹർജി തയ്യാറാക്കേണ്ടത് എന്ന നിർദേശമാണ് ബോർഡിന് ലഭിച്ചിരിക്കുന്നത്. പൊലീസ് സുരക്ഷ ഒരുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും അതിനാൽ ഹർജിയിൽ ഉണ്ടാകില്ല.

പ്രളയത്തിൽ തകർന്ന പമ്പയിലും മറ്റും അടിസ്ഥാന സൗകര്യങ്ങളും സ്ത്രീകൾക്ക് പ്രത്യേക സൗകര്യങ്ങളും ഒരുക്കാനുള്ളതിനാൽ സാവകാശം വേണമെന്നായിരിക്കും ആവശ്യപ്പെടുക. ബോർഡിനു വേണ്ടി അഭിഭാഷകൻ ചന്ദ്രഉദയസിംഗ് ആണ് ഹാജരാകുന്നത്.

തുലാമാസപൂജയ്ക്കും ചിത്തിര ആട്ട വിശേഷത്തിനും നട തുറന്നപ്പോൾ കോടതി വിധിക്കെതിരെ ചില സംഘടനകളിൽപ്പെട്ടവർ സമരം ചെയ്തതിനാൽ ആ സമയത്ത് വേണ്ട മുന്നൊരുക്കം നടത്താൻ കഴിഞ്ഞില്ലെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടും. എന്നാൽ, ആ നാളുകളിലെ പൊലീസ് ക്രമീകരണത്തെ കുറിച്ച് പരാമർശിക്കില്ലെന്നാണ് അറിയുന്നത്.

ഇന്നലെ മുഖ്യമന്ത്രിയും ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാറും തമ്മിൽ കൂടിക്കാഴ്ച നടന്നില്ല. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനുമായി ആശയവിനിമയം നടത്തി. ഇന്ന് മുഖ്യമന്ത്രിയെ കണ്ട് ഹർജിയിലെ പരാമർശ വിഷയങ്ങൾ പത്മകുമാർ വിശദീകരിക്കും.

### ബുക്കുചെയ്ത യുവതികൾ വന്നില്ല

തിരുവനന്തപുരം: മണ്ഡലകാലത്തിന്റെ തുടക്കത്തിൽ തന്നെ ദർശനം നടത്താൻ പൊലീസിന്റെ വെബ് പോർട്ടലിൽ ബുക്ക് ചെയ്തിരുന്ന യുവതികൾ നിലയ്ക്കലിലെ ബേസ് ക്യാമ്പിലോ പമ്പയിലെ ചെക്കിംഗ് കൗണ്ടറിലോ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് പൊലീസ് അറിയിച്ചു. ആദ്യ ദിവസങ്ങളിൽ രണ്ട് ഡസനിലേറെ യുവതികളാണ് ദർശനത്തിന് സമയം ബുക്കു ചെയ്തിരുന്നത്. ദർശനത്തിനുള്ള സമയം സ്വയം തിരഞ്ഞെടുക്കാവുന്ന സംവിധാനമാണ് പൊലീസിന്റെ പോർട്ടലിലുള്ളത്. ഇതിനു പുറമേ നിലയ്ക്കൽ- പമ്പ ബസ് ടിക്കറ്റും മടക്ക ടിക്കറ്റും ബുക്ക് ചെയ്യാം. ഇനിയുള്ള ദിവസങ്ങളിൽ എത്ര യുവതികൾ ദർശനത്തിന് ബുക്ക് ചെയ്തിട്ടുണ്ടെന്ന് പൊലീസ് വെളിപ്പെടുത്തുന്നില്ല.

### ദേവസ്വം ബോർഡിന് അതൃപ്തി

തിരുവനന്തപുരം: ശബരിമലയിൽ പൊലീസ് വരുത്തുന്ന ക്രമീകരണത്തിൽ ദേവസ്വം ബോർഡിന് കടുത്ത അമർഷം. ഇക്കാര്യം ഇന്നലെ തന്നെ ദേവസ്വം ബോർഡ് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. നിയന്ത്രണങ്ങൾ ഈ രീതിയിൽ തുടർന്നാൽ ഭക്തരുടെ വരവിൽ വൻ കുറവുണ്ടാകുകയും വരുമാനത്തിൽ ഇടിവുവരികയും ചെയ്യുമെന്നാണ് ബോർഡിന്റെ ആശങ്ക.

നെയ്യഭിഷേകം ചെയ്യാനെത്തുന്ന അയ്യപ്പഭക്തർക്ക് രാത്രി ശബരിമല പരിസരത്ത് തങ്ങാനുള്ള അനുവാദം നൽകണമെന്നതാണ് ബോർഡിന്റെ നിലപാട്. മാത്രമല്ല. ഇങ്ങനെ വരുന്നവർക്ക് തങ്ങാൻ ഗസ്റ്റ് ഹൗസ് നൽകാൻ കഴിയുന്ന സാഹചര്യം വേണമെന്നും ബോർഡ് ആവശ്യപ്പെടുന്നു.

ഓൺലൈൻ വഴി ബുക്ക് ചെയ്താണ് അയ്യപ്പഭക്തർ ശബരിമലയിലേക്ക് എത്തുന്നത്. പൊലീസ് നിർദേശ പ്രകാരം ഇപ്പോൾ ഗസ്റ്റ് ഹൗസുകൾ അടച്ചിട്ടിരിക്കുകയാണ്. രാത്രി എത്തുന്നവർക്ക് വിരിവയ്ക്കാനുള്ള സൗകര്യവും ഒരുക്കണമെന്ന കാര്യവും ഇന്ന് മുഖ്യമന്ത്രിയുമായി നടക്കുന്ന ചർച്ചയിൽ ബോർഡ് പ്രസിഡന്റും അംഗങ്ങളും മുന്നോട്ടു വയ്ക്കും.

## വേഷം മാറി ശബരിമലയിൽ എത്തുമെന്ന് തൃപ്തി ദേശായി



ന്യൂഡൽഹി: ശബരിമലയിൽ ദർശനം നടത്താൻ വേഷം മാറി രഹസ്യമായി വീണ്ടും എത്തുമെന്ന് സാമൂഹ്യപ്രവർത്തകയും ഭൂമാതാ ബ്രിഗേഡ് സംഘടനയുടെ നേതാവുമായ തൃപ്തി ദേശായി പ്രഖ്യാപിച്ചു. കൊച്ചി വിമാനത്താവളത്തിലെ പ്രതിഷേധത്തെ തുടർന്ന് മടങ്ങിയ തൃപ്തി മുംബയിൽ തിരിച്ചെത്തിയ ശേഷം അറിയിച്ചതാണിത്. യുവതി പ്രവേശനം നടപ്പാക്കുന്നതിൽ പിണറായി സർക്കാർ പരാജയപ്പെട്ടെന്നും അവർ പറഞ്ഞു.

ശബരിമലയിൽ ദർശനം നടത്താനുള്ള തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ല. കഴിഞ്ഞ ദിവസം കേരളത്തിൽ പോയത് എല്ലാവരെയും അറിയിച്ച ശേഷമാണ്. അടുത്ത തവണ ഗറില്ലാമുറയിൽ വേഷം മാറി രഹസ്യമായിട്ടായിരിക്കും യാത്ര. സുരക്ഷ ഒരുക്കാമെന്ന് പൊലീസ് അറിയിച്ചിട്ടുണ്ട്. ക്രമസമാധാന പ്രശ്നമുണ്ടാക്കേണ്ട എന്നു കരുതിയാണ് കൊച്ചി വിമാനത്താവളത്തിലെ പ്രതിഷേധത്തെ തുടർന്ന് മടങ്ങിയത്. കൊച്ചി വിമാനത്താവളത്തിൽ പ്രതിഷേധക്കാർ അധിക്ഷേപിക്കുന്ന രീതിയിൽ സംസാരിച്ചു. തിരിച്ചു പോകാൻ ഭീഷണിപ്പെടുത്തി. പ്രശ്നമുണ്ടാക്കാതെ മടങ്ങണമെന്ന് പൊലീസും ആവശ്യപ്പെട്ടു.

വിമാനത്താവളത്തിൽ നിന്ന് ശബരിമലയിൽ എത്തിക്കാൻ സന്നദ്ധരായി രണ്ട് ഓൺലൈൻ ടാക്സികൾ തയ്യാറായതാണ്. കാർ തകർക്കുമെന്ന ഭീഷണിയെ തുടർന്ന് അവർ പിൻമാറി. വിമാനത്താവളത്തിൽ പ്രതിഷേധക്കാരുടെ ഗുണ്ടാവിളയാട്ടമാണ് കണ്ടത്. അയ്യപ്പ ഭക്തർക്ക് യോജിച്ച രീതിയിൽ ആയിരുന്നില്ല അവരുടെ പ്രതിഷേധം. ശകാരവർഷവും ഭീഷണിയും കൊണ്ടാണ് ഞങ്ങളെ നേരിട്ടത്. നിലയ്ക്കൽ എത്തിയിരുന്നെങ്കിൽ ദർശനം നടത്താതെ ഞാൻ മടങ്ങില്ലെന്ന് അവർക്ക് അറിയാം. പുറത്തു കടക്കുന്നത് തടയുകയായിരുന്നു ലക്ഷ്യം.



ശബരിമല ദർശനം കഴിഞ്ഞ് തിരികെ പോകാൻ പമ്പയിലെത്തുന്ന അയ്യപ്പ ഭക്തരെ ഗണപതി കോവിലിന്റെ നടപ്പന്തലിൽ വിശ്രമിക്കാൻ അനുവദിക്കാതെ പൊലീസ് ഒഴിപ്പിക്കുന്നു

## നിയന്ത്രണവലയത്തിലൊതുക്കി പൊലീസ്

▶ എം.ബിജുമോഹൻ

പമ്പ: പ്രതിഷേധക്കാർ സന്നിധാനത്തും പമ്പയിലും നിലയ്ക്കലും കടക്കാതിരിക്കാൻ മൂന്നിടവും പൊലീസിന്റെ പൂർണ നിയന്ത്രണത്തിലാക്കി. നിലയ്ക്കലും പമ്പയിലും പ്രതിഷേധക്കാരുടെ കൂട്ടമില്ല. സന്നിധാനത്ത് ചിലർ തങ്ങുന്നുണ്ട്. അവരെ ഇന്ന് ഒഴിപ്പിച്ചേക്കും. വേണ്ടിവന്നാൽ അറസ്റ്റ് ചെയ്തു നീക്കും. രണ്ടു ദിവസമായി സന്നിധാനത്തു തങ്ങുന്ന ബി.ജെ.പി മുൻ സംസ്ഥാന സെക്രട്ടറി വി.വി.രാജേഷിനോട് തിരിച്ചുപോകാൻ ആവശ്യപ്പെട്ടു. സന്നിധാനത്തും പമ്പയിലും പൊലീസ് ശക്തമായ തെരച്ചിൽ നടത്തുന്നു. ഇരുമുടിക്കെട്ടില്ലാതെ കാണുന്നവരെ തിരിച്ചയയ്ക്കും.

തീർത്ഥാടകരുടെ എണ്ണം നിയന്ത്രിച്ചും, ദർശനം നടത്തിയവരെ സന്നിധാനത്തും പമ്പയിലും തങ്ങാതെ ഒഴിപ്പിച്ചുമുള്ള നടപടി തുടരുകയാണ്. ദർശനത്തിന് രജിസ്റ്റർ ചെയ്ത യുവതികളുടെ പശ്ചാത്തലം അന്വേഷിക്കും. നിലയ്ക്കലിൽ നിന്നുള്ള ബസുകളിൽ പ്രതിഷേധക്കാരോ യുവതികളോ ഉണ്ടോയെന്നറിയാൻ പരിശോധന കർശനമാക്കി.

### പാണ്ടിത്താവളത്ത് കാട്ടനക്കൂട്ടം ഇറങ്ങി

ശബരിമല : പാണ്ടിത്താവളത്ത് ഇന്നലെ രാത്രി എട്ടരയോടെ കൊമ്പനും, പിടിയാനയും കുട്ടിയും ഉൾപ്പെടെ ഏഴോളം ആനകൾ ഉപ്പുപാറനിന്നും സന്നിധാനത്തേക്കുള്ള തീർത്ഥാടന പാതയിൽ ഇറങ്ങി. വനപാലകർ എത്തി വെടി ഉതിർത്തതോടെയാണ് കാട്ടിലേക്ക് പിന്തിരിഞ്ഞത്.

## നിയന്ത്രണം കടുപ്പിക്കണമെന്ന ഡി.ജി.പിയുടെ ശുപാർശ തള്ളി

▶ എം.എച്ച് വിഷ്ണു

തിരുവനന്തപുരം: സന്നിധാനത്തെ സുരക്ഷയുടെ പേരിൽ ഭക്തരുടെ അന്നം മുട്ടാനും പ്രസാദ വിതരണം തടസപ്പെടാനും ഇടവരുത്തുന്ന പൊലീസ് ശുപാർശ സർക്കാർ തടഞ്ഞു. സന്നിധാനത്തെ 24 മണിക്കൂർ അന്നദാനം രാത്രി 11 വരെയാക്കി ചുരുക്കണമെന്നാണ് ഡി.ജി.പി ആവശ്യപ്പെട്ടത്. ഭക്ഷണം കഴിക്കാനെന്ന പേരിൽ ഭക്തർ തങ്ങുന്നത് ക്രമസമാധാന പ്രശ്നമുണ്ടാക്കുമെന്ന് അറിയിച്ചെങ്കിലും സർക്കാർ വഴങ്ങിയില്ല. പാചകം ചെയ്യുന്ന ഭക്ഷണം തീരുംവരെ അന്നദാനം നടത്തുമെന്ന് ദേവസ്വം ബോർഡും നിലപാടെടുത്തു. ന്നിധാനത്തെ കടകൾ നേരത്തേ അടയ്ക്കണമെന്ന നിർദ്ദേശവും തള്ളി. പ്രസാദവിതരണ കൗണ്ടറുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കാനും തീരുമാനിച്ചു.

അതേസമയം, നിലയ്ക്കലിലും പമ്പയിലും പ്രസാദ വിതരണ കൗണ്ടറുകൾ തുറക്കണമെന്ന ശുപാർശ ബോർഡ് പരിഗണിക്കും. ധനലക്ഷ്മി ബാങ്ക്, നെടുമ്പാശേരി വിമാനത്താവളം, റെയിൽവേ എന്നിവ വഴി രസീതെടുത്താലും ഈ കൗണ്ടറുകളിൽ പ്രസാദം നൽകും.

ഉച്ചയ്ക്ക് പന്ത്രണ്ടരവരെയുള്ള നെയ്യഭിഷേകം ദിവസം മുഴുവനുമോ ഉച്ചയ്ക്ക് രണ്ടരവരെയെങ്കിലുമോ നീട്ടണമെന്ന ആവശ്യം തന്ത്രികുടുംബത്തിന്റെ അഭിപ്രായം തേടിയ ശേഷമാണ് തള്ളിയത്. ആചാരവിധി പ്രകാരം നെയ്യഭിഷേകത്തിന്റെ സമയം നീട്ടാനാവില്ലെന്ന് അവർ നിലപാടെടുത്തു. പന്ത്രണ്ടരയ്ക്ക് നെയ്യഭിഷേകം കഴിഞ്ഞാൽ പിറ്റേന്ന് പുലർച്ചയേ പുനരാരംഭിക്കൂ. അഭിഷേകത്തിന് രസീതെടുത്തവർക്ക് നടപ്പന്തലിൽ വിരിവയ്ക്കാം. അല്ലെങ്കിൽ നിലയ്ക്കലിലേക്കോ പമ്പയിലേക്കോ മടങ്ങി പിറ്റേന്ന് പുലർച്ചെ എത്താം. പുലർച്ചെ ഒന്നു മുതൽ സന്നിധാനത്തേക്ക് കടത്തിവിടും.

അതേസമയം, സന്നിധാനത്ത് വിരിവയ്ക്കാൻ അനുവദിക്കാനാവില്ലെന്ന് ഡി.ജി.പി കർശന നിലപാടെടുത്തു. സന്നിധാനത്ത് തങ്ങുന്നവർ ബോധപൂർവം കുഴപ്പമുണ്ടാക്കുമെന്ന് ഇന്റലിജൻസ് മുന്നറിയിപ്പുണ്ടെന്ന് വിശദീകരിച്ചതോടെ ഈ നിർദ്ദേശം സർക്കാർ അംഗീകരിച്ചു. ഗസ്റ്റ്ഹൗസുകളിലെ 420 മുറികളിൽ ഓൺലൈൻ ബുക്കിംഗ് നടത്തിയവർക്ക് പരമാവധി ഒരുദിവസം സന്നിധാനത്ത് തങ്ങാം. താമസിക്കുന്നവർ തിരിച്ചറിയൽ കാർഡ് ഹാജരാക്കണം

### ■ ഉദ്യോഗസ്ഥർക്ക് സുരക്ഷാഭീഷണി

കെ.പി.ശശികലയെ കരുതൽ തടങ്കലിലാക്കിയതിനു പിന്നാലെ, മുതിർന്ന പൊലീസുദ്യോഗസ്ഥർക്ക് സുരക്ഷാ ഭീഷണിയുണ്ടെന്ന റിപ്പോർട്ടിനെ തുടർന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ചിലരുടെ വസതികൾക്ക് പൊലീസ് കാവലേർപ്പെടുത്തി.



### ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കരുതെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന നടപടികൾ പൊലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകരുതെന്ന് ഡി.ജി.പിയോട് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. സുരക്ഷാ ക്രമീകരണങ്ങളിലെ ശ്രദ്ധയ്ക്കൊപ്പം ഭക്തരുടെ കാര്യവും ശ്രദ്ധിക്കണം. പി.ശശികലയുടേത് അടക്കമുള്ള കരുതൽ അറസ്റ്റ് നടപടികളും, സന്നിധാനത്തെ സ്ഥിതിഗതികളും മുഖ്യമന്ത്രിയെ ഡി.ജി.പി ധരിപ്പിച്ചു.

## ശബരിമലയിൽ നടപ്പാക്കുന്നത് കാട്ടു നീതി: ശ്രീധരൻപിള്ള

കോഴിക്കോട്: ശബരിമലയിൽ സർക്കാർ നടപ്പാക്കുന്നത് കാട്ടുനീതിയാണെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള. പൊലീസിനെ ഉപയോഗിച്ച് ശബരിമലയിൽ തേർവാഴ്ച നടത്തുകയാണെന്നും അദ്ദേഹം കോഴിക്കോട് മാദ്ധ്യമങ്ങളോട് പറഞ്ഞു.

ഹിന്ദു ഐക്യവേദി നേതാവ് കെ.പി. ശശികല ഉൾപ്പെടെയുള്ളവരെ തടഞ്ഞ് ദർശനം നിഷേധിച്ചത് നിയമവിരുദ്ധവും നിന്ദ്യവും നീചവുമാണ്. ആചാര അനുഷ്ഠാനങ്ങൾ പ്രകാരം ദർശനം നടത്താനെത്തിയ ശശികലയെ എന്തിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് അറസ്റ്റ് ചെയ്തതെന്നും അവരുടെ സഞ്ചാരസ്വാതന്ത്ര്യം എന്തിന്റെ പേരിലാണ് നിഷേധിച്ചതെന്നും ആരുടെ നിർദേശ പ്രകാരമാണ് ശശികലയെ രാത്രി മണിക്കൂറുകളോളം തടഞ്ഞ് വച്ചതെന്നും അദ്ദേഹം ചോദിച്ചു. കരുതൽ തടങ്കൽ എന്നാണ് പറയുന്നത്. എന്ത് നിയമത്തിന്റെ അടിസ്ഥാനത്തിലാണിത്? ശബരിമലയെ തകർക്കാനാണ് ഇടത് ഭരണകൂടം ശ്രമിക്കുന്നത്. ഡി.ജി.പിയുടെ അജ്ഞതയും വിവരക്കേടും കൊണ്ടാണ് ഈ തരത്തിലുള്ള ഉത്തരവുകൾ ഇറക്കിയത്.

### ■ ടെമ്പോട്രാവലർ അപകടത്തിൽപ്പെട്ടു

## ശബരിമല തീർത്ഥാടകരായ രണ്ട് തമിഴ്നാട് സ്വദേശികൾ മരിച്ചു

ഇടുക്കി: കൊട്ടാരക്കര- ദിണ്ടിഗൽ ദേശീയ പാതയിൽ ഇടുക്കി പെരുവന്താനത്തിന് സമീപം പുല്ലുപാറയിൽ ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ടെമ്പോ ട്രാവലർ നിയന്ത്രണംവിട്ട് തിട്ടയിലിടിച്ച് രണ്ടുപേർ മരിച്ചു. 12 പേർക്ക് പരിക്കേറ്റു. ഇതിൽ മൂന്ന് പേരുടെ നില ഗുരുതരമാണ്.



അപകടത്തിൽപ്പെട്ട ടെമ്പോ ട്രാവലർ

അപകടം ഇടുക്കി പുല്ലുപാറയിൽ

12 പേർക്ക് പരിക്ക്

മൂന്ന് പേരുടെ നില ഗുരുതരം

തമിഴ്നാട് ചിന്നകാഞ്ചീപുരം, പെരിയനഗർ സ്വദേശികളായ കാർത്തി, ബാബു എന്നിവരാണ് മരിച്ചത്. ഡ്രൈവർ ചന്ദ്രു, തീർത്ഥാടകരായ രാജ, രാമലിംഗം, ശക്തിവേൽ, മോഹൻ, ശരവണൻ, വജ്രവേൽ, രാജാറാം, ജയപാലൻ, താണ്ടവരായൻ, കുമാർ, ഗോവിന്ദരാജൻ എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ മുണ്ടക്കയത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ വൈകിട്ട് നാലോടെയായിരുന്നു അപകടം. തമിഴ്നാട്ടിലെ കാഞ്ചീപുരത്ത് നിന്നു വന്ന തീർത്ഥാടകരാണ് അപകടത്തിൽപ്പെട്ടത്. കുത്തിറക്കത്തിൽ വാഹനത്തിന്റെ ബ്രേക്ക് നഷ്ടപ്പെട്ടതിനെ തുടർന്ന് ഡ്രൈവർ പാറക്കെട്ടിൽ ഇടിപ്പിച്ചുനിറുത്തുകയായിരുന്നു. വാഹനം നിൽക്കാതെ മുന്നോട്ടുപോയിരുന്നെങ്കിൽ വൻ ദുരന്തത്തിൽ കലാശിക്കുമായിരുന്നു. അപകടം നടന്ന സ്ഥലത്തിന്റെ ഒരുവശം ചെങ്കുത്തായ തിട്ടയും മറുവശം ആയിരക്കണക്കിന് അടി താഴ്ചയുള്ള കൊക്കയുമാണ്. പ്രദേശവാസികളും ഇതു വഴിവന്ന മറ്റ് വാഹനങ്ങളിലെ യാത്രക്കാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. വിവരമറിഞ്ഞ് ഹൈവേ പൊലീസും പീരുമേട്ടിൽ നിന്ന് അഗ്നിരക്ഷാസേനയും സ്ഥലത്തെത്തി. മരണമടഞ്ഞ തീർത്ഥാടകരുടെ മൃതദേഹം മുണ്ടക്കയത്തെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.